# അക്കാദമിക മാസ്റ്റർ  പ്ലാൻ 2025-26

1. കാഴ്ചപ്പാട് (Vision):

**വിവരസാങ്കേതികവിദ്യ (ICT) യുടെ പ്രാധാന്യവും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള പുതിയ സാധ്യതകളും കൂടി ഉൾപ്പെടുത്തുന്നത് ഈ കാലഘട്ടത്തിന് അനുയോജ്യമാകും. അതിനാൽ, നിങ്ങളുടെ കാഴ്ചപ്പാട് ഇങ്ങനെ പരിഷ്കരിക്കാവുന്നതാണ്:**

**"That Is Knowledge which Liberates" എന്ന കാഴ്ചപ്പാടോടെ ഗ്രാമീണാന്തരീക്ഷത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക. ആധുനിക വിവരസാങ്കേതികവിദ്യയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും സാധ്യതകൾ പ്രയോജനപ്പെടുത്തി വിദ്യാർത്ഥികളെ ഭാവിക്ക് സജ്ജരാക്കുക. മതനിരപേക്ഷത, ജനാധിപത്യ മൂല്യങ്ങൾ എന്നിവയുടെ സംരക്ഷകരായ ഒരു തലമുറയെ വാർത്തെടുക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.**

2. ലക്ഷ്യങ്ങൾ (Objectives):

**സമഗ്ര ഗുണമേന്മ വിദ്യാഭാസ  പദ്ധതിയുടെ പ്രത്യേക ലക്ഷ്യങ്ങളും നിങ്ങളുടെ സ്കൂളിന്റെ ആവശ്യകതകളും പരിഗണിച്ച് ലക്ഷ്യങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നു.**

- **വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുകയും എല്ലാ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുക.**
- **വിദ്യാഭ്യാസത്തിൽ വിവരസാങ്കേതികവിദ്യയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെയും ഉപയോഗം പ്രോത്സാഹിപ്പിക്കുക.**
- **അധ്യാപകരുടെ കഴിവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.**
- **സ്കൂളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും പഠനത്തിന് അനുയോജ്യമായ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക.**
- **പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുകയും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക.**
- **വിദ്യാർത്ഥികളുടെ കലാപരമായ, കായികപരമായ, നൃത്തപരമായ കഴിവുകൾ വികസിപ്പിക്കാനുള്ള അവസരങ്ങൾ നൽകുക.**
- **രക്ഷകർത്താക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം സ്കൂൾ പ്രവർത്തനങ്ങളിൽ ഉറപ്പാക്കുക.**

3. അവസ്ഥാ വിശകലനം (SWOT Analysis):

- **ഭൗതികം - നേട്ടങ്ങൾ:**
  - **2015 മുതൽ പുതിയ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.**
  - **സൗകര്യങ്ങളോടുകൂടിയ അടച്ചുറപ്പുള്ള അഞ്ച് ക്ലാസ് മുറികൾ.**
  - **വായനാശാല-കമ്പ്യൂട്ടർ ലാബ്**
  - **ആവശ്യമായ ശുചിമുറികൾ - അനുബന്ധ സംവിധാനങ്ങൾ.**

- വിശാലമായ കളിസ്ഥലം.
- അസംബ്ലി, മറ്റ് യോഗങ്ങൾ എന്നിവ കൂടാൻ അനുയോജ്യമായ ഹാൾ.
- പാചകമുറി.
- പുതിയതായി ചേർത്തത്: 2024-25 ൽ നിർമ്മിച്ച പുതിയ ശുചിമുറികൾ. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള റാമ്പ്. എല്ലാ ക്ലാസ് മുറികളിലും സ്മാർട്ട് ക്ലാസ് റൂം സംവിധാനങ്ങൾ (ഒരു ക്ലാസിൽ എൽസിഡി പ്രൊജക്ടർ, മറ്റു രണ്ട് ക്ലാസുകളിൽ സ്മാർട്ട് ബോർഡ്). അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

* അക്കാദമികം - നേട്ടങ്ങൾ:
    - പുതിയതായി ചേർത്തത്: കഴിഞ്ഞ അക്കാദമിക വർഷം യുഎസ്എസ് പരീക്ഷ എഴുതിയ ഏഴ് കുട്ടികളിൽ മൂന്ന് പേർക്ക് സർട്ടിഫിക്കറ്റിന് അർഹത നേടി.
    - റിസോഴ്സ് അധ്യാപകരുടെ സേവനം ആഴ്ചയിൽ രണ്ടുദിവസം ലഭ്യമാണ്. (2018-19 ൽ ഇത് ആഴ്ചയിൽ ഒരു ദിവസമായിരുന്നു, അതുകൊണ്ട് ഇതൊരു പുരോഗതിയായി കണക്കാക്കാം).
    - ഇംഗ്ലീഷ് ഫാക്കൽറ്റി രൂപേഷ് വി ആർ രൂപകൽപ്പന ചെയ്ത "nurturing multilingual minds" എന്ന ഇംഗ്ലീഷ് ഭാഷാ പഠന മോഡൽ ബി ആർ സി തലത്തിൽ അവതരിപ്പിക്കാൻ തയ്യാറെടുക്കുന്നു. വരന്തരപ്പിള്ളി പഞ്ചായത്ത് ഹെൽപ്പിംഗ് ഹാൻഡ് അവതരണത്തിൽ നമ്മുടെ സ്കൂൾ ബ്ലോക്ക് തലത്തിൽ അവതരിപ്പിക്കുന്നതിനുള്ള യോഗ്യത നേടി.
    - എല്ലാ വിദ്യാർത്ഥികളുടെയും രണ്ടാം പാദവാർഷിക പരീക്ഷാ ഫലങ്ങൾ കൃത്യമായി സമ്പൂർണ്ണ പ്ലസിൽ അപ്ഡേറ്റ് ചെയ്തു.
    - എല്ലാ ദിവസവും രാവിലെ 9 മുതൽ 10 വരെയും വൈകിട്ട് 3 മുതൽ 4 വരെയും പരിശീലനം നടക്കുന്നു.
    - എല്ലാ വിഷയങ്ങൾക്കും പരിശീലനം നൽകുന്നു.
    - "വിജയപാത" പുസ്തകം ഉൾപ്പെടെ വിവിധ പഠന സാമഗ്രികൾ ഉപയോഗിക്കുന്നു.
    - പരിശീലന സാമഗ്രികളുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
    - പരിശീലനത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കും.
    - അധ്യാപകരുടെ പ്രയാസങ്ങൾ മനസ്സിലാക്കി ആവശ്യമായ സഹായം നൽകും.
* അക്കാദമികം - പരിമിതികൾ:
    - വിവിധ സ്കോളർഷിപ്പ് പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിപ്പിക്കേണ്ടതുണ്ട്.
    - ക്ലാസ് ലൈബ്രറി
    - കലാ-കായിക-നൃത്ത-പ്രവൃത്തി പരിചയ അധ്യാപകരുടെ സേവനം ലഭ്യമല്ല.
* സ്കൂളിൽ ലഭ്യമായ ആനുകാലിക പ്രസിദ്ധീകരണങ്ങൾ:
    - പത്രങ്ങൾ: കേരള കൗമുദി
    - മാസികകൾ: വിദ്യാരംഗം, കേരള കർഷകൻ, പൂർണോദയ

# സമഗ്ര
# വിദ്യാലയവികസന
# രേഖ



ജനത യു പി സ്കൂൾ വരന്തരപ്പിള്ളി

വരന്തരപ്പിള്ളി

सा विद्या या विमुक्तये

“That Is Knowledge which Liberates”



# ഉള്ളടക്കം


1. ആമുഖം
2. ലക്ഷ്യങ്ങൾ
3. വിദ്യാലയചരിത്രം
4. മികവിൻറെ കേന്ദ്രം – കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ –ഘട്ടങ്ങൾ
6. അവസ്ഥാവിശകലനം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
8. പദ്ധതി സമഗ്രരേഖ
    - മേഖല
    - ലക്ഷ്യം
    - പ്രവർത്തനം
    - കാലം
    - ചുമതല
    - സാമ്പത്തികവിശകലനം
9. പ്രതീക്ഷിത നേട്ടങ്ങൾ
10. മോണിട്ടറിംഗ്
11. ഉപസംഹാരം

# അനുബന്ധം



1. വിദ്യാലയത്തിൻറെ സ്കെച്ച്, പ്ലാൻ
2. ജൈവവൈവിധ്യ പാർക്ക് രൂപരേഖ
3. മികവുകൾ /നേട്ടങ്ങൾ– നടപ്പുവർഷം,മുൻവർഷം ( ചിത്രങ്ങൾ)
4. കുട്ടികളുടെ എണ്ണം–മുൻ വർഷങ്ങളിൽ
5. നിലവിലുള്ള കമ്മിറ്റികൾ – അംഗങ്ങളുടെ പട്ടിക

# അടിസ്ഥാനവിവരങ്ങൾ

| | | |
|---|---|---|
| 1. | വിദ്യാലയത്തിന്റെ പേര് | :ജനത അപ്പർ പ്രൈമറി സ്കൂൾ,വരന്തരപ്പിള്ളി |
| 2. | വിലാസം | :വരന്തരപ്പിള്ളി പോസ്റ്റ്, ആമ്പല്ലൂർ വഴി,തൃശ്ശൂർ ജില്ല<br>PIN:680303 |
| 3. | ഫോൺ | : 0480 2763858 |
| 4. | സ്കൂൾ കോഡ് | :22275 |
| 5. | വിദ്യാഭ്യാസ ഉപജില്ല | :ചേർപ്പ് |
| 6. | വിദ്യാഭ്യാസ ജില്ല | :തൃശ്ശൂർ |
| 7. | റവന്യൂ ജില്ല | :തൃശ്ശൂർ |
| 8. | BRC | :കൊടകര |
| 9. | CRC | :നന്തിപുലം |
| 10. | ഗ്രാമ പഞ്ചായത്ത് | :വരന്തരപ്പിള്ളി |
| 11. | ബ്ലോക്ക് പഞ്ചായത്ത് | :21 |
| 12. | ജില്ലാ പഞ്ചായത്ത് | :തൃശ്ശൂർ |
| 13. | നിയമസഭാ മണ്ഡലം | :പുതുക്കാട് |
| 14. | ലോകസഭാ മണ്ഡലം | :തൃശ്ശൂർ |
| 15. | താലൂക്ക് | :ചാലക്കുടി |
| 16. | വില്ലേജ് | : വരന്തരപ്പിള്ളി |
| 17. | ഇ–മെയിൽ | :jupskulvarandarappilly@gmail.com |
| 18. | സ്കൂൾ വിക്കി | :https://schoolwiki.in/ജെ._യു._പി._എസ്._വരന്തരപ്പിള്ളി |




# ആമുഖം

ഒരു നാടിൻറെ സാമൂഹികവും സാംസ്കാരികവുമായ പുരോഗതിയെ നിർണ്ണയിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളാണ് വിദ്യാലയങ്ങൾ. പ്രാദേശിക സമൂഹത്തിന്റെ പൊതു ഇടം എന്ന നിലയിൽ വരന്തരപ്പിള്ളി ഗ്രാമത്തിൻറെ ഭാഗധേയത്തെ കഴിഞ്ഞ 6 ദശകങ്ങളായി ഗുണപരമായി രൂപപ്പെടുത്തിവരുന്ന വിദ്യാഭ്യാസകേന്ദ്രമാണ് ജനത യു പി സ്കൂൾ. നിരവധി തലമുറകളെ അക്ഷരലോകത്തേക്ക് കൈപിടിച്ചുയർത്തിയ ഈ സരസ്വതീക്ഷേത്രം പ്രവർത്തനമാരംഭിക്കുന്നത് 1962 ജൂൺ 1ന് ആണ്.

ഭൌതികവും അക്കാദമികവുമായ സൗകര്യം മെച്ചപ്പെടുത്താൻ PTAയുടെയും നാട്ടുകാരുടെയും നിസ്സീമമായ സഹായസഹകരണങ്ങളാണ് എപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്നത്. 60 വർഷക്കാലത്തെ പ്രവർത്തനകാലയളവിൽ അക്കാദമിക–അക്കാദമികേതര രംഗങ്ങളിൽ പല നേട്ടങ്ങളും കൈവരിക്കാൻ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.

ഉള്ളടക്കത്തിലും പ്രയോഗത്തിലും സാമൂഹിക കാഴ്ചപ്പാട് സന്നിവേശിപ്പിച്ച ഒരു പാദ്യപദ്ധതി ആണ് നമ്മൾ ഇന്ന് സ്വീകരിച്ചിട്ടുള്ളത്. കേവലജ്ഞാനത്തിനപ്പുറം കുട്ടികളുടെ ബഹുതര ബുദ്ധുശക്തികളെ വികസിപ്പിക്കുവാനുള്ള വിദ്യാലയപരിസരമാണ് ഇന്ന് നിലവിലുള്ളത്. വിമർശനാത്മകമായി ചിന്തിക്കുവാനും സർഗാത്മകമായി പ്രവർത്തിക്കുവാനും പഠിതാക്കളെ പ്രാപ്തരാക്കുവാൻ നമ്മുടെ വിദ്യാലയം പപ്രതിജ്ഞാബദ്ധാമാണ്. ഈ അർത്ഥവും വ്യാപ്തിയും ഉൾക്കൊള്ളുകയും പ്രയോഗിക്കുകയുമാണ് അക്കാദമികസമൂഹം ചെയ്യേണ്ടത്. അതിനു പര്യാപ്തമായ വിധത്തിൽ വിദ്യാലയാന്തരീക്ഷം ,ഭൌതിക–അക്കാദമിക സൌകര്യങ്ങൾ എന്നിവ പരിവർത്തനത്തിന് വിധേയമാകേണ്ടതാണ്. മികവിൽ നിന്ന് നിറവിലെക്കുള്ള പ്രയാണത്തിൽ ഒരു നാട് മുഴുവൻ വിദ്യാലയത്തിനു താങ്ങായി നിൽക്കുന്നു.



# വിദ്യാലയചരിത്രം

''ജനത'' ഒറ്റനോട്ടത്തിൽ

- 1962 ൽ രാഷ്ട്രീയ-സാംസ്കാരിക രംഗത്തെ പ്രമുഖനായ ശ്രീ ടി പി അനന്തരാമസ്വാമി പണികഴിപ്പിച്ചു.
- ജനങ്ങൾക്കുവേണ്ടി എന്നാ അർത്ഥത്തിൽ ''ജനത'' എന്ന പേര്.
- കലാകായികപഠനത്തിനു പ്രത്യകം അദ്ധ്യാപകർ
- 2002 ൽ വിവേകാനന്ദ ട്രസ്റ്റ് ഏറ്റെടുക്കുന്നു.
- 2017ൽ പ്രവർത്തനത്തിൻറെ 55-ആം വർഷം.

1962 വരെയുള്ള കാലഘട്ടത്തിൽ ഈ പ്രദേശത്ത് ക്രൈസ്തവസഭയുടെ കീഴിലുള്ള സൈന്റ്റ്.ജോൺബോസ്കോ സ്കൂൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ.നാലാം ക്ലാസ്സിനു ശേഷമുള്ള പഠനത്തിന് ഏകാശ്രയം പള്ളിക്കുന്ന് സ്ഥിതിചെയ്യുന്ന CJM സ്കൂൾ ആയിരുന്നു.

സാമ്പത്തികമായി വളരെയേറെ പിന്നിൽനിന്നിരുന്ന പ്രദേശവാസികൾക്ക് കുട്ടികളെ ദൂരമേറെയുള്ള പ്രസ്തുത സ്കൂളിലേക്ക് ഉപരിപഠനത്തിനയക്കുക ഏതാണ്ട് അസാധ്യമായിരുന്നു. വാഹനസൗകര്യവും ദുർലഭമായിരുന്നതുമൂലം പ്രാഥമികവിദ്യാഭ്യാസത്തിൽ മാത്രം ഒതുങ്ങിനിൽക്കേണ്ട സാഹചര്യം ഭൂരിഭാഗം വിദ്യാർഥികൾക്കും ഉണ്ടായി. ഈ നില തുടരുന്നത് സമൂഹത്തെ ദോഷകരമായി ബാധിക്കും എന്ന വസ്തുത പ്രദേശവാസികൾ മനസ്സിലാക്കി.

ഈ സാഹചര്യം എങ്ങനെ തരണം ചെയ്യാം എന്ന ചിന്തയുടെ ഫലമായി അന്നത്തെ സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖനായ ശ്രീ ടി പി അനന്തരാമസ്വാമിയെ ഒരു വിദ്യാലയത്തിൻറെ ആരംഭത്തിനുവേണ്ടി സമീപിച്ചു. ശ്രീ അനന്തരാമാസ്വാമിയുടെയും നാട്ടുകാരുടെയും തീവ്രയത്നത്തിൻറെ ഫലമാണ് വരന്തരപ്പിള്ളി ഗ്രാമത്തിൻറെ ഹൃദയഭാഗത്തു സ്ഥിതിചെയ്യുന്ന ഈ വിദ്യാലയം. ജനങ്ങളുടെ അഭിപ്രായത്തെ

മാനിച്ചുകൊണ്ട് ജനങ്ങളുടെത് എന്ന അർത്ഥത്തിൽത്തന്നെയാണ് ''ജനത'' എന്ന പേര് ഈ വിദ്യാലയത്തിനു നൽകിയത്. കാരുവീട്ടിൽ വിജയൻ മാസ്റ്റർ ,പുത്തൻവീട്ടിൽ ശിവരാമൻ മാസ്റ്റർ ,വട്ടക്കൊട്ടായ് ഭാസ്കരൻ നായർ, മുൻ പഞ്ചായത്ത് അംഗമായ അടിയള്ളൂർ മനയ്ക്കൽ വാസുദേവൻ നമ്പൂതിരി തുടങ്ങിയവർ ഈ വിദ്യാലയം സ്ഥാപിക്കുന്നതിനു പിന്നിൽ പ്രവർത്തിച്ച മഹദ്വ്യക്തികളാണ്.

**സ്കൂളിൻറെ പ്രാരംഭം**

മുൻ മാനേജർ ടി പി അനന്തരാമാസ്വാമിയുടെ മഠത്തിനോട് ചേർന്നുള്ള രണ്ടു നെയ്ത്തുമുറികളും കയ്യാലയിലുള്ള രണ്ടു മുറികളിലായിട്ടാണ് വിദ്യാലയം ആരംഭിച്ചത്.പ്രഥമ ഹെഡ് മാസ്ററർ ഗവണ്മെൻറ് സ്കൂളിൽ നിന്നു റിട്ടയർ ചെയ്ത ചെമ്മങ്ങോട് ഗംഗാധരമേനോൻ ആയിരുന്നു. സവർണ്ണനായ ഒരു വ്യക്തി മാനേജരായിരുന്ന സ്ഥാപനമായിരുന്നെന്നാലും അന്നത്തെ സാമൂഹികസ്ഥിതിക്ക് എതിരായി ജാതി-മത വ്യത്യാസമില്ലാതെ ഏവർക്കും ഇവിടെ പ്രവേശനം കൊടുത്തിരുന്നു. അദ്ധ്യാപകരുടെ നിയമനകാര്യത്തിലും ഈ നിലപാടുതന്നെയാണ് മാനേജർ സ്വീകരിച്ചിരുന്നത്. തുടക്കത്തിൽ 5,6 ക്ലാസ്സുകൾ മാത്രമേ ഇവിടെ പ്രവർത്തിച്ചിരുന്നുള്ളൂ. UPSA ആയി 4 അദ്ധ്യാപകരും സ്പെഷ്യലിസ്റ്റ് ആയി 3 അധ്യാപകരുമാണ് ഇവിടെ സേവനം അനുഷ്ഠിച്ചിരുന്നത് .

1963-64 വർഷത്തിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിൻറെ തെക്കുഭാഗം പണിതീർത്ത് 5 ക്ലാസ്സുകൾ പുതിയതിലും ബാക്കി പഴയ സ്ഥലത്തുമായി പ്രവർത്തനം തുടർന്നു. 1963-64കാലഘട്ടത്തിൽ കേരളത്തിൽ ഉണ്ടായ കടുത്ത ക്ഷാമം വരന്തരപ്പിള്ളി ഗ്രാമത്തെയും ബാധിക്കാതിരുന്നില്ല. തത്സമയങ്ങളിൽ നാട്ടുകാരും അദ്ധ്യാപകരും സ്കൂൾ സംഘാടകരും ചേർന്ന് സ്കൂളിൽ ഉച്ചഭക്ഷണപരിപാടി ഏർപ്പാടാക്കിയതും സ്കൂൾ ചരിത്രത്തിലെ വിസ്മരിക്കാനാവാത്ത സംഭവം തന്നെയാണ്.

പഠന-പഠനേതര വിഷയങ്ങളിൽ കുട്ടികൾ മികച്ച പ്രകടനം കാഴ്ചവച്ചത് കൂടുതൽ വിദ്യാർഥികളെ ഇവിടേയ്ക്ക് ആകർഷിക്കാൻ അവസരമൊരുക്കി.

1965-67 വർഷങ്ങളിൽ വിദ്യാർഥികൾ വർദ്ധിച്ചപ്പോൾ പുതിയ കെട്ടിടം പണിതീർത്ത് ക്ലാസ് മുറികൾ അവിടേക്ക് മാറ്റി.ചിത്രരചനയിൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ വർഷത്തിൽ ഒരു ചിത്രരചനാ അദ്ധ്യാപകനെ നിയമിച്ചു. 1972 കാലഘട്ടത്തിൽ ഈ ഗ്രാമത്തിലെ വിദ്യാലയങ്ങളിൽ ഒന്നുംതന്നെ ഒന്നാം ഭാഷയായി സംസ്കൃതം പഠിക്കാൻ അവസരം ഉണ്ടായിരുന്നില്ല.ദേവഭാഷയായ സംസ്കൃതം പഠിക്കുവാൻ സൗകര്യം ഉണ്ടാക്കിക്കൊണ്ട് ഒരു സംകൃതഅദ്ധ്യാപികയെ ആദ്യമായി നിയമിച്ചതും ഈ വിദ്യാലയത്തിൽ തന്നെയാണ് എന്നതും എടുത്തുപറയാതെ വയ്യ. 1977-78 വർഷത്തിൽ കുട്ടികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. UP വിഭാഗം മാത്രമുള്ള ഇവിടെ മൊത്തം 17 ക്ലാസ്സുകൾ പ്രവർത്തിക്കാൻ തുടങ്ങി. 1 അറബി അദ്ധ്യാപികയെയും മറ്റ് 6 അദ്ധ്യാപകരെയും നിയമിച്ചു.ജനങ്ങളുടെ സൗകര്യാർത്ഥം സാമൂഹിക-രാഷ്ട്രീയ പ്രവർത്തനങ്ങൾക്കായി മാനേജർ സ്കൂൾ അനുവദിച്ചിരുന്നു.പൊതുസമൂഹത്തിൽ നിന്നുള്ള സഹായം ഇത്തരത്തിൽ ആർജ്ജിക്കാനായി. വിരമിച്ചഅദ്ധ്യാപകരും സ്കൂൾ പ്രവർത്തനത്തെ സഹായിച്ചിരുന്നു.

**വളർച്ചയും തളർച്ചയും**

1983-84 വരെ മികച്ച നിലയിൽ ആണ് പ്രവർത്തിച്ചത്.ഈ കാലഘട്ടത്തിൽ ഒരു ഉർദു അദ്ധ്യാപകനെയും ഒരു ഹിന്ദി അദ്ധ്യാപികയും നിയമിക്കുകയുണ്ടായി.പ്രസ്തുത വർഷത്തിനു ശേഷം കുട്ടികളുടെ എണ്ണത്തിൽ കുരവുണ്ടാകാൻ തുടങ്ങി.പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന വേലൂപ്പാടത്ത് ഹൈസ്കൂൾ നിലവിൽ വന്നു. സമീപപ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിച്ചു. ഇക്കാരണങ്ങൾകൊണ്ടൊക്കെ 17 ഡിവിഷനുകൾ എന്നത് 4 ഡിവിഷൻ ആയി ചുരുങ്ങി.

മാനേജരുടെ മരണശേഷം അനുജനുനും മുൻ MLA യുമായ ശ്രീ T P സീതാരാമന്റെ മക്കളാണ് സ്കൂൾ ഭരണം ഏറ്റെടുത്തത്. തുടർന്ന് സ്ഥാപനം കൊടകര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന വിവേകാനന്ദ വിദ്യാഭ്യാസ – സാംസ്കാരിക ട്രസ്റ്റ് ആയ വിവേകാനന്ദ ട്രസ്റ്റ് നെ ഏൽപ്പിച്ചു. 2002-03 ൽ ട്രസ്റ്റ് ഏറ്റെടുത്ത ശേഷം വികസനത്തിനുവേണ്ടി വളരെയേറെ പരിപാടികൾ ആസൂത്രണം ചെയ്യുകയുണ്ടായി.ബസ് സൗകര്യം ഇല്ലാത്ത

പ്രദേശങ്ങളിലേക്ക് അത് ഏർപ്പെടുത്തി. കുട്ടികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിത്തുടങ്ങി. 2004-05 വർഷത്തിൽ പുതുതായി രണ്ടു ഡിവിഷൻ അനുവദിച്ചുകിട്ടി. കമ്പ്യൂട്ടറുകൾ വാങ്ങുകയും ഒരു അദ്ധ്യാപികയെ നിയമിക്കുകയും ചെയ്തു.കുട്ടികളുടെ സംഗീതപഠനത്തിനും കായികപഠനത്തിനും വേണ്ട സൗകര്യങ്ങളും ഒരുക്കി.ചേർപ്പ് വിദ്യാഭ്യാസ ഉപജില്ലയുടെ ഭാഗമായ നമ്മുടെ വിദ്യാലയത്തിൽ നിലവിൽ 5,6,7 ക്ലാസ്സുകളിലായി മൂന്നു ഡിവിഷനുകളിലായി 93 കുട്ടികൾ ആണുള്ളത്.വിവേകാനന്ദ ട്രസ്റ്റ് ഡയരക്ടർ ശ്രീ കെ ആർ ദിനേശൻ ആണ് സ്കൂൾ മാനേജർ. 6 അദ്ധ്യാപകരും 1 അനദ്ധ്യാപക ജീവനക്കാരനും ഇവിടെ പ്രവർത്തിക്കുന്നു. കുട്ടികൾക്ക് വേണ്ടതായ എല്ലാവിധ സഹകരണങ്ങളും ചെയ്യുന്ന കർമ്മനിരതമായ PTA,MPTA തുടങ്ങിയവയുടെ പങ്ക് സ്ഥാപനത്തിൻറെ വളർച്ചയ്ക്ക് വളരെയേറെ സഹായിക്കുന്നു.

# വിദ്യാലയം മികവിൻറെ കേന്ദ്രം:കാഴ്ചപ്പാട്

1. “That Is Knowledge which Liberates” എന്ന കാഴ്ചപ്പാടോടെ ഗ്രാമീണാന്തരീക്ഷത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.

2. മതനിരപേക്ഷത,ജനാധിപത്യ മൂല്യങ്ങൾ മുതലായവയുടെ സംരക്ഷകരാകുന്ന ജനതയെ വാർത്തെടുക്കുക.

3. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ബോധനസംസ്കാരം വളർത്തിയെടുക്കുക. ഇതിനുതകുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം ഭൌതികമായും അക്കാദമികമായും മികവുറ്റതാക്കുക.

4. വിദ്യാർഥികളിലും വിദ്യാലയ പ്രവർത്തകരിലും സ്വയം പര്യാപ്തത വളർത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക വഴി സമൂഹവും വിദ്യാലയവും പരസ്പരം പ്രയോജനപ്പെടുന്ന തലത്തിലേക്ക് ഉയരുക.

5. “അധ്യാപകനും പഠിതാവ്” എന്ന കാഴ്ചപ്പാടോട്ടു കൂടി മികവുറ്റ അധ്യാപനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

# പദ്ധതി രൂപീകരണം ഘട്ടങ്ങൾ

- വിദ്യാലയ വികസന കാഴ്ച്ചപ്പാട് , SRG യിൽ ചർച്ച.
- വിഷയാടിസ്ഥാനതിലുള്ള വികസന കാഴ്ച്ചപ്പാട് രൂപീകരിക്കൽ
- PTA , MPTA ,OSA ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന യോഗത്തിൽ കരട്ടു രൂപരേഖ അവതരിപ്പിക്കുകയും കൂട്ടിച്ചേർക്കലുകൾ നടത്തുകയും ചെയ്യൽ.
- ക്രോഡീകൃത പദ്ധതി തയ്യാറാക്കൽ.

# നിലവിലെ



# അവസ്ഥാവിശകലനം

### ഭൌതികം– നേട്ടങ്ങൾ

- 2015 മുതൽ പുതിയ കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.
- സൌകര്യങ്ങളോട്ടുകൂടിയ,അടച്ചുറപ്പുള്ള അഞ്ച് ക്ലാസ് മുറികൾ.
- വായനാശാല–കമ്പ്യൂട്ടർ ലാബ്
- ആവശ്യമായ ശുചിമുറികൾ –അനുബന്ധ സംവിധാനങ്ങൾ.
- വിശാലമായ കളിസ്ഥലം.
- അസ്സംബ്ലി,മറ്റു യോഗങ്ങൾ എന്നിവ കൂടുന്നത് അനുയോജ്യമായ ഹാൾ
- പാചകമുറി

### ഭൌതികം–പരിമിതികൾ

ശാസ്ത്ര ലാബ് ഗണിതലാബ് സാമൂഹ്യശാസ്ത്ര ലൈബ്രറി എന്നിവയ്ക്കാവശ്യമായ കെട്ടിടം ഞങ്ങൾക്കില്ല. ഇൻസിനേറ്റർ സംവിധാനം ഉള്ള Girls Friendly ശുചിമുറികൾ ഇല്ല. മികച്ച ഒരു Signage ൻറെ അഭാവം ഉണ്ട്.ഹാൾ അടച്ചുറപ്പുള്ളതല്ല.ഭോജനശാല ഇല്ല. Adapted Toilet ഇല്ല. പൂന്തോട്ടം ആകർഷകമാക്കേണ്ടതുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് Ramp സജ്ജീകരിക്കേണ്ടതുണ്ട്. ICT ലാബ് ഡസ്റ്റ് പ്രൂഫ് ആക്കേണ്ടതുണ്ട്.

### അക്കാദമികം – നേട്ടങ്ങൾ

പഞ്ചായത്ത് തല വിജ്ഞാനോല്സവത്തിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ സമ്മാനാർഹാരായി. 1, 2 സ്ഥാനങ്ങൾ വിവിധ മത്സരങ്ങളിൽ ലഭിച്ചു.ചേർപ്പ് ഉപജില്ലാ കലാമേളയിൽ സംസ്കൃതോത്സവത്തിൽ 12 ഇനങ്ങളിൽ Aഗ്രേഡ് കരസ്ഥമാക്കി. ശാസ്ത്രമേളയിലും പ്രവർത്തിപരിചയ മേളയിലും മികച്ച പ്രകടനം കാഴ്ചവച്ചു.

## അക്കാദമികം – പരിമിതികൾ

വിവിധ സ്കോളർഷിപ് പരീക്ഷകളിൽ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട്.ക്ലാസ് ലൈബ്രറിക്ക് താൽകാലിക സംവിധാനം ആണ് ഉള്ളത്.കലാ–കായിക–സംഗീത–നൃത്ത അദ്ധ്യാപകരുടെ സേവനം ലഭ്യമല്ല.റിസോഴ്സ് ആധ്യാപകരുടെ സേവനം ആഴ്ചയിൽ ഒരിക്കലെങ്കിലും ലഭ്യമാക്കണം.




## സ്കൂളിൽ ലഭ്യമായ ആനുകാലികങ്ങൾ

പത്രങ്ങൾ

1. മാതൃഭൂമി
2. മനോരമ
3. കേരള കൌമുദി
4. ദേശാഭിമാനി
5. ജന്മഭൂമി
6. Hindu



മാസികകൾ

1. വിദ്യാരംഗം
2. യുറീക്ക
3. പൂർണോദയ
4. കേരളകർഷകൻ

# ചുമതലാവിഭജനം

| ഇനം | ചുമതല |
|---|---|
| എസ് ആർ ജി | വി ആർ രൂപേഷ് |
| സ്റ്റാഫ് സെക്രട്ടറി | സൂര്യ എസ് സുകുമാർ |
| വിദ്യാരംഗം കലാസാഹിത്യവേദി | രതി വി ആർ |
| ഗാന്ധിദർശൻ | സൂര്യ എസ് സുകുമാർ |
| കായികം | രതി വി ആർ<br>അഭിലാഷ് കെ ജി<br>രൂപേഷ് വി ആർ |
| കലാപഠനം | സൂര്യ എസ് സുകുമാർ |
| പ്രവൃത്തിപരിചയം | രമണി കെ പി |
| ഐ ഇ ഡി സി | രമണി കെ പി |
| വിവരവിനിമയ സാങ്കേതികം | രൂപേഷ് വി ആർ<br>രാഗിണി ഇ |
| General Knowledge | സൗമ്യ എം ബി |
| ഉച്ചഭക്ഷണം | രജിനി കെ |
| അസ്സംബ്ലി | സൗമ്യ എം ബി |

**“Perfection is not attainable, but if we chase perfection we can catch excellence.”**
**–Vince Lombardi**

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ–ഒറ്റനോട്ടത്തിൽ



| പഠിതാവ് | വിദ്യാലയ അന്തരീക്ഷം | അധ്യാപകർ |
| --- | --- | --- |
| • CWSN പിന്തുണാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.<br>• പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പഠനസാമഗ്രികൾ ലഭ്യമാക്കുക.<br>• മൂല്യാധിഷ്ഠിത വിദ്യാഭ്യാസം,സ്വഭാവ രൂപവത്കരണം എന്നിവയ്ക്കുള്ള അവസരങ്ങൾ ഒരുക്കുക.<br>• അടിസ്ഥാന ഭാഷാശേഷി വികാസം.<br>• ഗണിത ശേഷി വികാസം.<br>• Little Scientist<br>• ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തി കുട്ടികളിലെ സർഗ്ഗവായന പ്രോത്സാഹിപ്പിക്കൽ.<br>• സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ.<br>• പഠനയാത്രകൾ,ഫീല്ഡ് ട്രിപ്പുകൾ. | • സ്കൂൾ ക്യാച്ച്മെൻറ് ഏരിയയിലെ എല്ലാ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുന്നതിനുള്ള ഘടകങ്ങൾ ഉറപ്പുവരുത്തുക.<br>• OSA, CPTA മുതലായ സംവിധാനങ്ങളിലൂടെ ശാസ്ത്ര പരീക്ഷണശാലയുടെ വികസനം<br>• ജൈവവൈവിധ്യ പാർക്ക്(നക്ഷത്രവനം,ശലഭോദ്യാനം)<br>• ജൈവ പച്ചക്കറിതോട്ടം<br>• സ്മാർട്ട് ക്ലാസ് മുറി(1)<br>• രോഗനിർണയ ക്യാമ്പ്.<br>• ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തൽ.<br>• BALA<br>• സ്കൂൾ ബ്ലോഗ്<br>• കളിസ്ഥലം മെച്ചപ്പെടുത്തൽ(ജമ്പിംഗ് പിറ്റ്)<br>• ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി ശാക്തീകരണം. | • നിരന്തര മൂല്യനിർണയ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക.<br>• ICT , പ്രക്രിയാബന്ധിത ബോധനം എന്നിവയിൽ കൂടുതൽ പരിശീലനം നേടുക. |

| | | |
|---|---|---|
| • വിദഗ്ധ പരിശീലനം( ICT,സ്കോളർഷിപ്പ് പരിശീലനം,പ്രഥമശുശ്രൂഷ)<br>• സ്കൂൾ മാസികയും അനുബന്ധ പ്രവർത്തനങ്ങളും(ജാലകം) | • സ്റ്റാഫ് റൂം മെച്ചപ്പെടുത്തൽ.<br>• ICT ലാബ്<br>• അടുക്കള കാലോചിതമായി പരിഷ്കരിക്കൽ<br>• അണുവിമുക്ത കുടിവെള്ളം.<br>• മാലിന്യസംസ്കരണം<br>• ചലച്ചിത്രമേള.<br>• PTA ശാക്തീകരണം.<br>• സമൂഹത്തിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം സ്കൂളിൻറെ ഉന്നമനത്തിനു വേണ്ടി പ്രയോജനപ്പെടുത്തുക.( സ്പോർട്സ് ക്ലബ്ബുകൾ,ഗ്രാമീണവായനാശാല ,സന്നദ്ധസംഘടനകൾ )<br>• വിദ്യാലയമികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ. | |

# പ്രവർത്തനരേഖ

| ക്ര. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഹിന്ദി എഴുത്ത് | • അക്ഷരമാല ചിഹ്നങ്ങൾ വാക്കുകൾ വാചകങ്ങള് (പിന്നാക്കം നിൽക്കുന്നവക്ക് കൂടുതൽ പരിഗണന) | ആഴചയിൽ ഒരിക്കൽ | അധ്യാപകർ, ഹിന്ദി ക്ലബ്ബ് | |
| 2. | കഥാവായന, കവിതാവായന | • ബാലസഭ( കഥാരചന, കവിതാരചന,കവിത ചൊല്ലൽ,നാടകം, • സംഭാഷണം) | ആഴ്ചയിൽ ഒരിക്കൽ (ക്ലാസ് തലം) മാസത്തിൽ ഒരിക്കൽ( സ്കൂൾ തലം) | ഹിന്ദി ക്ലബ്ബ് | |
| 3. | ഹിന്ദി വാർത്തകൾ കേൾക്കാനുള്ള അവസരം | • അസ്സംബ്ലി | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി ക്ലബ്ബ് | |
| 4. | ഹിന്ദി വായിക്കാനുള്ള അവസരങ്ങൾ | • മാസികകള് • ഹിന്ദി പത്രം എന്നിവ വരുത്തുക | ആഴ്ചയിൽ ഒരിക്കൽ | ഹിന്ദി ക്ലബ്ബ് | |
| 5. | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം | • ഹിന്ദി കവിതകൾ • ഓഡിയോ കേൾക്കാനുള്ള അവസരം • വേദികളിൽ അവതരണ | വർഷത്തിൽ ഒരിക്കൽ | അധ്യാപകർ, ഹിന്ദി ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | | ത്തിനുള്ള അവസരം<br>• ഹിന്ദി മാതൃഭാഷയ ായിട്ടുള്ള പ്രദേശങ്ങള ്– പഠനയാത്ര<br>• ഹിന്ദി സിനിമ കാണുന്നത ിനുള്ള അവസരം | | | |
| 6. | ഹിന്ദി സാഹിത്യകാരന്മാരെ പരിചയപ്പെടൽ | • ലൈബ്രറി<br>• ചാർട്ടുകൾ<br>• ആൽബങ്ങൾ<br>• CD | വർഷത്തിൽ ഒരിക്കൽ | ഹിന്ദി ക്ലബ്ബ് | |
| 7. | പദസമ്പത്ത് | • വിവിധ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്ന ഹിന്ദി പദങ്ങൾ (ഔദ്യോഗിക കാര്യങ്ങൾ, ആശുപത്രി,വിദ്യാലയം) ആഴ്ചയിൽ ഒന്ന് എന്ന രീതിയിൽ പരിചയപ്പെടുന്നു. | ആഴ്ചയിൽ ഒന്ന് | | |

| ക്ര. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | അക്ഷരകേളി | • ക്ലാസ്സ്മുറിയിലെ പഠനോപകരണങ്ങൾ ആയ ചാർട്ട് അക്ഷര മാതൃകകൾ | എല്ലാ ദിവസവും | സംസ്കൃതം ക്ലബ്ബ് | |

| | | | | | |
|---|---|---|---|---|---|
| | | • മണലെഴുത്ത് | | | |
| 2. | പുല്ലിംഗ ശബ്ദം സ്ത്രീലിംഗ ശബ്ദം നപുംസകലിംഗ ശബ്ദം തിരിച്ചറിയൽ | • സംസ്കൃത പരീക്ഷ എന്ന പുസ്തകത്തിൽ ചിത്രങ്ങളോട്ടു കൂടി ശേഖരിക്കൽ | ആഴ്ചയിൽ ഒരിക്കൽ | സംസ് കൃതം ക്ലബ്ബ് | |
| 3. | വിവിധ സന്ദർഭങ്ങളിൽ ഉപയോഗിക്കുന്നതിനു സഹായകമായ സംഭാഷണശകലങ്ങൾ പരിചയപ്പെടുത്തുക. | പച്ചക്കറി,മൃഗങ്ങൾ വാസരപരിചായനം തുടങ്ങിയ പദങ്ങൾ ഉപയോഗിച്ച് സംഭാഷണം<br>• പാചകവിധി( TV)<br>• ഗുരുകുലം<br>• ജന്തുശാല | മാസത്തിൽ ഒരിക്കൽ | | |
| 4. | സംകൃത ടൈപ്പിംഗ് | • സംകൃത അക്ഷരങ്ങൾ ടൈപ്പ് ചെയ്യുന്നതിന് അവസരം | മാസത്തിൽ ഒരിക്കൽ | | |
| 5. | കഥാലേഖനം–പരിചയപ്പെടൽ | പദങ്ങൾ കൊടുത്തുകൊണ്ട് കഥ രൂപീകരിക്കൽ<br>• ഗുരുവും ശിഷ്യന്മാരും<br>• വനത്തിലെ രാജാവ് | മാസത്തിൽ ഒരിക്കൽ | | |
| 6. | സുഭാഷിതാലാപനം | • ആഴ്ചയിൽ ഒരു സുഭാഷിതം വീതം പഠിച്ചു അവതരിപ്പിക്കുക. | മാസത്തിൽ ഒരിക്കൽ | | |

| | | | | | |
|---|---|---|---|---|---|
| 7. | വിഭക്തി ജ്ഞാനം | • ക്രിയാപദങ്ങൾ – പ്രയോഗം മനസ്സിലാക്കുക<br>• വചനങ്ങൾ<br>• ക്രിയ,വിഭക്തി എന്നിവയുടെ അർത്ഥങ്ങളോട്ടു കൂടിയ ചാർട്ട് രൂപീകരണം<br>• ക്ലാസ് മുറിയിലെ പഠനസാമാഗ്രിയായി മേൽപ്പറഞ്ഞ ഉൽപ്പന്നങ്ങളെ ഉപയോഗിക്കല് | മാസത്തിൽ ഒരു വിഭക്തി. | സംസ്കൃതം ക്ലാസ്,ട ീച്ചർ | |
| 8. | ബാലകവിത – രചന | • എങ്ങനെ,എവിടെ,എത്ര, എപ്പോൾ പടങ്ങൾ പ്രയോഗത്തിലൂടെ പദങ്ങൾ കൊട്ടുത്തുകൊണ്ട് ബാലകവിതാരചന<br>• മൃഗങ്ങൾ ചിത്രങ്ങൾ പക്ഷികൾ– കവിതാരചന | മാസത്തിൽ 2 തവണ | | |
| 9. | പഠനയാത്ര | • കാലടി സംസ്കൃത സർവകലാശാല മുതലായ സംകൃത കേന്ദ്രങ്ങളിലേക്ക് പഠനയാത്ര. | വർഷത്തിൽ ഒരിക്കൽ. | | |

| ക്ര. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | CWSN പിന്തുണാ സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക | • ഭാഷ ഗണിതം ശാസ്ത്രം സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളുടെ ലളിതമായ വർക്ക്ഷീറ്റ് തയ്യാറാക്കുക | | | |
| 2. | പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അധിക പഠനസാമഗ്രികൾ ലഭ്യമാക്കുക. | • പഠനത്തിൽ മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ശാസ്ത്രപുസ്തകങ്ങൾ GK ICT സഹായത്തോടെ സാമഗ്രികൾ ലഭ്യമാക്കുന്നു. | | | |
| 3. | അടിസ്ഥാന ഭാഷാശേഷി വികസനം(മാതൃഭാഷ) | • പരിഗണന അർഹിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് മലയാളത്തിളക്കം പ്രവർത്തനങ്ങൾ.<br>• നിരന്തരമായ പരിശീലനം<br>• അനുഭവങ്ങൾ ICT സാധ്യതകൾ ലഭ്യമാക്കി പരിശീലനം | | | |

| | | | | | |
|---|---|---|---|---|---|
| 4. | ഗണിത ശേഷി വികസനം | • ഗണിത ശേഷി വികസനത്തിന ു ഒരു പ്രത്യേക മുറി<br>• ഗണിത ലാബ് സജ്ജീകരിക്കൽ | | | |
| 5. | ഇംഗ്ലീഷ് പ്രീ–ടെസ്റ്റ് | • അടിസ്ഥാന ശേഷികൾ നേടിയിട്ടുണ്ടോ എന്ന് പരിശോധിക്കൽ.Spelling, Sentence Structure എന്നിവ അറിയാമോ എന്ന് പരിശോധിക്കുന്നതിന് അനുയോജ്യമായ മൂല്യനിർണയ സാമഗ്രി തയ്യാറാക്കൽ. | | | |
| 6. | ഇംഗ്ലീഷ്ഭാഷയിൽ പ്രവീണ്യം നേടുക | • ആഴ്ച്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് മാത്രം സംസാരിക്കുന്നു.<br>• ശിൽപ്പശാല | | | |
| 7. | തന്മയത്വത്തോടെ ഇംഗ്ലീഷ് ഭാഷ സന്ദർഭോചിതമായി കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി നേടുക. | • പ്രസംഗ തർജ്ജമ –ഒരു കുട്ടി മലയാളത്തിൽ ചെയ്യുന്ന പ്രസംഗം ഇംഗ്ലീഷിലേക്ക് തർജ്ജമ ചെയ്യുന്നു. | | | |

| | | | | | |
|---|---|---|---|---|---|
| | | • ഇംഗ്ലീഷ് ഡസ്ക്– നിശ്ചിത ഇരിപ്പിടം സ്കൂളിൽ പൊതുവായി കാണാവുന്ന രീതിയിൽ ഒരു കുട്ടിക്ക് നൽകുന്നു.കുട്ടിയോട് ആർക്കു വേണമെങ്കിലു ം സംവദിക്കാം– കുട്ടി ഇംഗ്ലീഷിൽ മാത്രം മറുപടി പറയുന്നു. | | | |
| 8. | വ്യാകരണശുദ്ധിയ ോടെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കാൻ കഴിവ് നേടുന്നതിന്. | • അവധി ദിവസങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ | | | |
| 9. | ഇംഗ്ലീഷ് ശിൽപശാല – ഏകദിനം | • സംസാരഭാഷ പരിചയപ്പെടു ന്നതിന് ഒരു ദിവസത്തെ ശിൽപശാല. കളികൾ,പ്രശ് നോത്തരി. | വർഷത്തിൽ ഒരിക്കൽ. | | |
| 10. | ഇംഗ്ലീഷ് ഭാഷണം –പ്രാവീണ്യം നേടൽ | • എല്ലാ കുട്ടികളും നിശ്ചിത സംഭാഷണങ് ങൾ ഹൃദ്യസ്ഥമാക്ക ി എന്ന് ഉറപ്പുവരുത്തു ക– കുട്ടികൾക്ക് ഒരു Conversation | വർഷത്തിൽ ഒരിക്കൽ. | | |

| | | | | | |
|---|---|---|---|---|---|
| | | Bank പ്രിൻറ് ചെയ്തു നൽകുക. | | | |
| 11. | അധ്യാപകരിൽ ഇംഗ്ലീഷ് ഭാഷയോടുള്ള വിമുഖത ദൂരീകരിക്കുക. | • അധ്യാപകര്ക്ക് അർദ്ധദിന ശിൽപ്പശാല. Spoken English, സ്വതന്ത്ര ഭാഷണ പരിശീലനം, Impromptu Speech പരിശീലനം. | | | |
| 12. | Subject Council സാധ്യതകൾ ആരായുക. | • English ബോധനതിനു വേണ്ട Worksheets മുതലായവ തയ്യാറാക്കുന്നതിനു ഇംഗ്ലീഷ് പഠിപ്പിക്കുന്ന അധ്യാപകരുടെ കൂട്ടായ്മ– മാസത്തിൽ ഒരിക്കൽ യോഗങ്ങൾ. | മാസത്തിൽ ഒരിക്കൽ | | |
| 13. | ശാസ്ത്രപ്രതിഭകളെ കണ്ടെത്തുന്നതിന് | • സ്കൂൾ തല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിക്കുക<br>• മാസത്തിലൊരിക്കൽ പരീക്ഷണക്കളരി<br>• പ്രാദേശികമായി ലഭ്യമാകുന്ന സാധനങ്ങൾ പരീക്ഷണ | | | |

| | | | | | |
|---|---|---|---|---|---|
| | | ലാബിൻറെ ഭാഗമാക്കുന്നു. | | | |
| 14. | ക്ലാസ് ലൈബ്രറി മെച്ചപ്പെടുത്തി കുട്ടികളിൽ സർഗ്ഗവായന പോഷിപ്പിക്കുക | • ക്ലാസ് ലൈബ്രറി ഒരുക്കുന്നതിന ായി ഒരു പ്രത്യേക ഭാഗം ഓരോ ക്ലാസ്സിലും ഒരുക്കുന്നു. | | | |
| 15. | സാഹിത്യാഭിരുചി വർദ്ധിപ്പിക്കുന്നതി നുള്ള പരിപാടികൾ | • വിവിധ മാസികകൾ ലഭ്യമാക്കുന്നു.( വിദ്യാരംഗം, യുറീക്ക,പൂർണ ോദയetc.) | | | |
| 16. | മാതൃഭാഷാ സമ്പത്ത് നേടുക. | • ഭാഷയുടെ സമ്പത്ത് ആയ നാടൻ പാട്ടുകൾ,ചൊ ല്ലുകൾ,ശൈലി കൾ മുതലായവ പരിചയപ്പെട ൽ. | | | |
| 17. | പഠനയാത്രകൾ ഫീൽഡ് ട്രിപ്പുകൾ. | • ഫാക്ടറി ,സ്വയം തൊഴിലിടങ്ങ ൾ, കൃഷിയിടങ്ങൾ എന്നിവ സന്ദർശിക്കൽ | | | |
| 18. | വിദഗ്ധ പരിശീലനം( ICT, സ്കോളർഷിപ്പ്) | • USS പരിശീലനം,പ്ര ഥമശുശ്രൂഷ , കമ്പ്യൂട്ടർ ഉപയോഗം എന്നിവയിൽ പരിശീലനം. | | | |

| | | | | | |
|---|---|---|---|---|---|
| 19. | സ്കൂൾ മാസിക അനുബന്ധ പ്രവർത്തനങ്ങൾ | • മാസിക തയാറാക്കൽ<br>• പത്രാധിപസമ ിതി കണ്ടെത്തൽ | | | |

| ക്രം. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | സ്കൂൾ ക്യാച്ച്മെൻറ് ഏരിയയിലെ മുഴുവൻ കുട്ടികളെയും സ്കൂളിലേക്ക് ആകർഷിക്കുന്ന ഘടകങ്ങൾ ഉറപ്പുവരുത്തുക. | • ഭൌതികസ ൌകര്യങ്ങൾ മെച്ചപ്പെടുത്തു ക-കെട്ടിടം മോടി പിടിപ്പിക്കുക<br>• സ്കൂൾ പൂന്തോട്ടം<br>• ശലഭോദ്യാനം<br>• മികച്ച ICT അദ്ധ്യയനത്തി ന് അവസരം | 1-2 മാസം ഏപ്രിൽ.മ െയ് | SMC<br>PTA<br>അധ്യാപക ർ<br>OSA | |
| 2. | OSA, CPTA മുതലായ സംവിധാനങ്ങളിലൂ ടെ സ്കൂളിൻറെ പ്രാപ്യത ഉറപ്പുവരുത്തുക | • OSA യോഗങ്ങൾ<br>• കോർണർ PTA യോഗങ്ങൾ<br>• PTA,MPTA അംഗങ്ങളെ ആദരിക്കൽ<br>• ഗൃഹസന്ദർശ നം | വർഷം മുഴുവനും | OSA<br>SRG<br>CPTA<br>MPTA | |
| 3. | ശാസ്ത്ര പരീക്ഷണശാല കാലോചിതമായി പരിഷ്കരിക്കുക | • സൗകര്യങ്ങളുള് ള ഷെൽഫ്<br>• ഉപകരണങ്ങള് കുട്ടികളുടെ എണ്ണത്തിന് ആനുപാതികമ | 1 വർഷം | ശാസ്ത്ര അദ്ധ്യാപക ർ<br>SRG | |

| | | | | | |
|---|---|---|---|---|---|
| | | ായി സംഭരിക്കുക.<br>• സ്വയം പരീക്ഷണ– നിരീക്ഷണങ്ങ ൾക്ക് ഉതകുന്ന തരത്തിൽ Child–friendly ആയ പരീക്ഷണശാ ല. | | | |
| 4. | ജൈവ വൈവിധ്യ പാർക്ക് രൂപീകരിക്കൽ | • പ്രാദേശിക വിഭവങ്ങളുടെ സഹായത്തോട െ (മനുഷ്യവിഭവം, പ്രസ്തുത ലക്ഷ്യത്തിനു സഹായകമായ വിഭവങ്ങൾ)ജ ൈവവൈവിധ് യ പാർക്കിനു ആവശ്യമായ വസ്തുക്കൾ ഒരുക്കൽ.<br>• സ്ഥലം അളന്നു തിട്ടപ്പെടുത്തൽ<br>• പരിപാലനം<br>• ദശപുഷ്പങ്ങൾ നട്ടുവളർത്തുക. അവയുടെ ഔഷധ ഗുണങ്ങൾ പരിചയപ്പെടാൻ അവസരം നൽകുക– ശാസ്ത്രീയ നാമം,ഔഷധഗ ുണം എന്നിവ എഴുതിയ ബോർഡുകൾ. | വർഷം മുഴുവനും | | |

| | | | | | |
|---|---|---|---|---|---|
| 5. | ജൈവ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിലൂടെ വിഷവിമുക്ത പച്ചക്കറി ലഭ്യമാക്കുക | • കൃഷി പ്രവർത്തനങ്ങൾ( നിലമൊരുക്കൽ, വിത്ത് നടീൽ, വസ്തുക്കൾ സംഭരിക്കൽ, കൃഷി പരിപാലനം)<br>• ഉല്പന്നങ്ങളുടെ വിപണനം<br>• പങ്കുവയ്ക്കൽ | വർഷം മുഴുവനും | കാർഷിക ക്ലബ് PTA | |
| 6. | Smart ക്ലസ്സ്മുറി തയ്യാറാക്കുക വഴി നൂതന അധ്യാപന പ്രവണതകൾ വിദ്യാലയത്തിൽ പകർത്തുക. | • സ്മാർട്ട് ക്ലാസ് മുറി സജ്ജീകരണം<br>• LCD പ്രോജക്റ്റർ,വൈറ്റ് ബോർഡ്<br>• Dust Proof മുറി<br>• ഇന്റർനെറ്റ് കണക്ഷൻ മുതലായവ സജീകരിക്കൽ | വർഷം മുഴുവൻ | ICT ചുമതലയുള്ള അദ്ധ്യാപകർ,OSA | |
| 7. | വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ രോഗനിർന്നായ ക്യാമ്പ് നടത്തുക. | • ക്യാമ്പ്<br>• ആരോഗ്യവിവരങ്ങളുടെ സർവേ<br>• പ്രാഥമിക ആരോഗ്യകേന്ദ്രം – വിഭവങ്ങൾ സജ്ജീകരിക്കൽ<br>• നോട്ടീസ്<br>• വിതരണം | | സയൻസ് ആധ്യാപകർ | |
| 8. | പോഷകസമ്പുഷ്ടമായ ഉച്ചഭക്ഷണം | • Diet പ്ലാൻ | വർഷം മുഴുവൻ | | |

| | | | | | |
|---|---|---|---|---|---|
| | നൽകുക എന്ന ലക്ഷ്യത്തിലെക്കായ ി ഉച്ചഭക്ഷണ പരിപാടി മെച്ചപ്പെടുത്തുക | • ആരോഗ്യപ്രദ മായ എന്നാൽ ചെലവുകുറഞ്ഞ് ഞ Diet പ്ലാൻ തയ്യാറാക്കുക.<br>• കുട്ടികളുടെ പോഷകാഹാര ക്കുറവ് തിരിച്ചറിയാൻ മാർഗ്ഗങ്ങൾ (BMI മുതലായവ) അവലംബിക്കു ക.<br>• ഉച്ചഭക്ഷണപരി പാടിയിൽ രക്ഷാകർത്താ ക്കളുടെ പങ്കാളിത്തം ഉറപ്പാക്കുക. | | | |
| 9. | BALA സാധ്യതകൾ പ്രയോജനപെടുത്തി ഗണിതപഠനം രസകരമാക്കാൻ സാധ്യതകൾ ആരായുക. | • ചിത്രങ്ങൾ, ജ്യാമിതീയ രൂപങ്ങൾ വിവിധ സ്കെയിലുകൾ( നീളം,കോൺ, പരപ്പളവ്) എന്നിവ ചിത്രീകരിക്കുക.<br>• 5,6,7 ക്ലാസ്സുകളിലെ പഠനനേട്ടങ്ങളു മായി ബന്ധപെട്ട ചിത്രങ്ങൾ ആലേഖനം ചെയ്യൽ<br>• ഗുണിതങ്ങൾ– ഘടകങ്ങൾ<br>• പൈതഗോറ സ് സിദ്ധാന്തം | 2 മാസം | | |

| | | | | | |
|---|---|---|---|---|---|
| | | • ത്രികോണത്തിന്റെ പരപ്പളവ് | | | |
| 10. | സ്കൂൾ ബ്ലോഗ് | • സ്കൂളിൻറെ മികവുകൾ,പ്രവർത്തനങ്ങൾ സമൂഹവുമായി പങ്കുവയ്ക്കുവാൻ ഒരു ബ്ലോഗ് ആരംഭിക്കുക<br>• കുട്ടികൾക്കും ഇതിൽ പങ്കാളികളാകാനുള്ള അവസരം | | | |
| 11. | കളിസ്ഥലം മെച്ചപ്പെടുത്തൽ | • ജമ്പിംഗ് പിറ്റ്<br>• വിശ്രമസ്ഥലങ്ങ്ങൾ<br>• വിനോദത്തിനായുള്ള കളിയുപകരണങ്ങൾ | | | |
| 12. | ക്ലാസ്-സ്കൂൾ ലൈബ്രറി ശാക്തീകരണം | • PTA , SMC, OSA പങ്കാളിത്തത്തോടെ ലൈബ്രറി ശാക്തീകരണം<br>• പിറന്നാളിന് ഒരു പുസ്തകം<br>• ഇരുന്നു വായിക്കാനുള്ള സൗകര്യം<br>• ലൈബ്രറി കമ്പ്യൂട്ടർ വത്കരണം<br>• മാസികകൾ പ്രയോജനപ്പെടുത്തൽ | | | |

| | | | | | |
|---|---|---|---|---|---|
| | | • ക്ലാസ്സുകളിൽ പുസ്തകം വയ്ക്കാനുള്ള സജ്ജീകരണം | | | |
| 13. | സ്റ്റാഫ് റൂം മെച്ചപ്പെടുത്തൽ – അദ്ധ്യാപകർക്ക് പാഠ്യ–പാഠ്യതര വിഷയങ്ങളിൽ മികവ് നേടൽ | • അദ്ധ്യാപകര്ക്ക വേണ്ടിയുള്ള പ്രത്യേക ഷെൽഫ്,ഇരിപ്പിടങ്ങൾ | | | |
| 14. | ICT ലാബ് ആധുനികവത്കരിക്കുന്നതിലൂടെ IT സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനം രസകരവും എളുപ്പവുമാക്കുന്നു. | • ഓരോ ക്ലസ്സ്മുറിയും ICTEnabled ആക്കുന്നു. • Dust Free ക്ലസ്സ്മുറികൾ • ICT ലാബ് സജ്ജീകരിക്കൽ | | | |
| 15. | പാചകപ്പുര മെച്ചപ്പെടുത്തൽ | • ബയോഗ്യാസ് ഉപയോഗിച്ചുള്ള പാചകം • ഭക്ഷ്യവസ്തുക്കൾ കേടാകാതിരിക്കാനും വൃത്തിയിൽ എടുത്തുവയ്ക്കാനു ം ഉള്ള സൗകര്യങ്ങൾ • ശുദ്ധജലം കുട്ടികൾക്ക് ലഭ്യമാക്കുക • പാചകത്തിന് ഉപയോഗിക്കുന്ന പാത്രങ്ങൾ • പാചകം,വിതരണം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ | | | |

| | | | | | |
|---|---|---|---|---|---|
| | | വൃത്തി ഉറപ്പു വരുത്തൽ | | | |
| 16. | അണുവിമുക്ത കുടിവെള്ളം ലഭ്യമാക്കുന്നതിലൂടെ പകർച്ചവ്യാധികൾ തടയാനും വിവിധ തലങ്ങളിൽ നിന്ന് വരുന്ന കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കാനും. | • അടപ്പുള്ള ശുചിയായ പാത്രങ്ങൾ<br>• വെള്ളം എടുക്കാനും തിളപ്പിച്ചാറിയ വെള്ളം കേടാകാതെ ഉപയോഗിക്കാനും ഉള്ള സൗകര്യം ഒരുക്കാൻ<br>• കിണർ വെള്ളം മാലിന്യമുക്തമാക്കുന്നതിന് ഉള്ള പ്രവർത്തനങ്ങൾ | | | |
| 17. | മാലിന്യസംസ്കരണ പ്രവർത്തനങ്ങൾ വഴി മാലിന്യം കൃഷിക്ക് ഉപയോഗപ്പെടുത്തുന്നു . | • ജൈവ–അജൈവ മാലിന്യങ്ങൾ സംസ്കരിക്കൽ<br>• പ്ലാസ്റ്റിക് ഉപയോഗം നിയന്ത്രിക്കൽ<br>• പുനരുപയോഗ സാദ്ധ്യതകൾ ആരായാൽ<br>• ജൈവവസ്തുക്കൾ കൃഷിക്ക് ഉപയുക്തമാക്കുന്നു<br>• ബയോഗ്യാസ് പ്ലാൻറ് നിർമ്മിക്കൽ | | | |
| 18. | സിനിമാ പ്രദർശനം–ചലച്ചിത്രമേള | • പ്രകൃതിസംരക്ഷണം ,വിനോദം വിജ്ഞാനം | | | |

| | | | | | |
|---|---|---|---|---|---|
| | | തുടങ്ങിയവയുമ ായി ബന്ധപ്പെട്ട സിനിമകൾ പ്രദർശിപ്പിക്കു ക. | | | |
| 19. | PTA ശക്തിപ്പെടുത്തുക വഴി വിദ്യാലയത്തിന്റെ സമ്പൂർണ വികസനം സാധ്യമാക്കുക. | • കൃഷി, ഉച്ചഭക്ഷണം, പഠനയാത്ര, ദേശീയ ഉത്സവങ്ങൾ,ദി നാചരണങ്ങൾ എന്നിവയിൽ പങ്കാളിത്തം ഉറപ്പാക്കുക.<br>• സ്പോൺസർ സാധ്യതകൾ. | | | |
| 20. | സമൂഹത്തിൽ പ്രവത്തിക്കുന്ന വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സ്കൂളിൻറെ ഉന്നമനത്തിനു വേണ്ടി പ്രയോജനപ്പെടുത്തു ക. | • സ്പോൺസർ സാധ്യതകൾ. | | | |
| 21. | സ്പോർട്ട്സ് ക്ലബ്ബ് ഗ്രാമീണ വായനാശാല സന്നദ്ധ സംഘടനകളുടെ പ്രവർത്തനങ്ങൾ സ്കൂളുമായി ഏകോപിപ്പിക്കൽ | • മികച്ച കായിക താരങ്ങളെ വാർത്തെടുക്കാ ൻ സ്പെഷ്യലിസ്റ്റ് അധ്യാപകരുട െ സേവനം<br>• വവിധ സ്പോർട്ട്സ് സൗകര്യങ്ങൾ ഒരുക്കൽ<br>• ഗ്രാമീണവായ നാശാലയുടെ പുസ്തകോത്സവ ം<br>• വായനശാലയ ിൽ അംഗത്വം. | | | |

| ക്രം. നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ലോകരാജ്യങ്ങളെ പരിചയപ്പെടുക | ലോക ഭൂപട നിരീക്ഷണം– ICTസാധ്യത | 1ആഴ്ച്ച | സാമൂഹ്യ ശാസ്ത്രം അദ്ധ്യാപിക | |
| 2. | നവോത്ഥാനം ലോകചരിത്രത്തിൽ വരുത്തിയ മാറ്റങ്ങൾ നിരീക്ഷിച്ചറിയുക | നവോത്ഥാന ആശയങ്ങൾ, മാനവികത യുക്തിചിന്ത എന്നിവയെക്കുറിച്ചുള്ള ചർച്ച. | 3 ദിവസം | | |
| 3. | ഇന്ത്യാ ചരിത്രം പരിചയപ്പെടുക, ദേശീയത വളർത്തുക. | കച്ചവടത്തിനായി യൂറോപ്യന്മാരുടെ വരവ് മുതൽ നാട്ടുരാജ്യങ്ങൾ കൈവശപ്പെടുത്തി ഇന്ത്യയിൽ അധികാരം സ്ഥാപിച്ചത് വരെയുള്ള ചരിത്രം പരിചയപെടുത്തൽ. | | | |
| 4. | ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ പതനത്തിനു ഇടയാക്കിയ സംഭവങ്ങൾ വിശകലനം ചെയ്യുക. | ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പാക്കിയ സാമ്പത്തിക നയം ഇന്ത്യൻ സമ്പദ് വ്യവസ്ഥയെയും വിവിധ ജനവിഭാഗങ്ങളെയും എങ്ങനെ ബാധിച്ചു എന്ന് ചർച്ച. | | | |
| 5. | മാധ്യമപരിചയം | • വാർത്താവായന | | | |

| | | | | | |
|---|---|---|---|---|---|
| | | • വാർത്തകൾ എങ്ങനെ രൂപപ്പെടുന്നു എന്ന് മനസ്സിലാക്കാൻ പരിചയ ക്ലാസ്.<br>• പത്രനിർമാണം–വാർത്ത റിപ്പോർട്ടിംഗ് മുതൽ പ്രിൻറിങ്ങ് വരെയുള്ള പ്രക്രിയകളിലൂടെ കടന്നുപോയി പത്രങ്ങളുടെ പ്രവർത്തനം ഗ്രഹിക്കാൻ അവസരം. | | | |
| 6. | തെരഞ്ഞെടുപ്പ് പ്രക്രിയ പരിചയം | • യഥാർത്ഥ തെരഞ്ഞെടുപ്പ് മാതൃകയിൽ ഒരു തെരഞ്ഞെടുപ്പിൻറെ എല്ലാ ഘട്ടങ്ങളിലൂടെയും കടന്നു പോകുന്ന രീതിയിൽ മാതൃകാ തെരഞ്ഞെടുപ്പ്. | | | |

| ക്ര.നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. | ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | ഗണിത ചരിത്രത്തിൻറെ പ്രാധാന്യം,ഗണിത ശാസ്ത്രജ്ഞരുടെ ജീവചരിത്രം എന്നിവ കുട്ടികളുമായി പങ്കുവയ്ക്കുക. | | | |

| | | | | | |
|---|---|---|---|---|---|
| 2. | 'ഗണിത പിന്നോക്കാവസ്ഥ' പരിഹരിക്കുക–മറ്റുവിഷയങ്ങളിൽ മികവു കാണിക്കുകയും ഗണിതത്തിൽ മാത്രം പിന്നാക്കം നിൽക്കുകയ ുും ചെയ്യുന്ന കുട്ടികൾക്ക് പിന്തുണ. | • അധികസമയം പരിഹാര ബോധനത്തിന് .<br>• അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>• Worksheet–കൾ ലഭ്യമാക്കുന്നു.<br>• നിരന്തരമൂല്യനിർണയം–TP എടുക്കൽ.<br>• മാറ്റങ്ങൾക്കനുസരിച്ച് തുടർപ്രവർത്തനങ്ങൾ.<br>• രക്ഷിതാക്കളുടെ സഹായം അഭ്യർത്ഥിക്കുന്നു.ഗണിത. | | | |
| 3. | ക്ലബ്ബ് രൂപീകരണം | • ഓരോ ക്ലാസ്സിലെയും കുട്ടികളെ ഗണിത ക്ലബ്ബിൽ അംഗങ്ങളാക്കുന്നു.<br>• പഠനോപകരണങ്ങൾ കണ്ടെത്തുന്നു.<br>• ഗണിതമാസിക –പാറ്റേണുകൾ, ചിത്രങ്ങൾ,ഗണിതശാസ്ത്ര വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും മാസിക നിർമ്മിക്കുന്നു. | മാസത്തിൽ ഒരിക്കൽ. | | |

| | | | | | |
|---|---|---|---|---|---|
| | | • ഗണിത പ്രശ്നോത്തരി | | | |
| 4. | ഗണിതലാബ് | • ടാൻ ഗ്രാം നിർമ്മിക്കുന്നു.<br>• ചുമർമാസിക<br>• കൗതുകമുണര്ത്തുന്ന ജ്യാമിതീയ രൂപങ്ങൾ<br>• റഫറൻസ് പുസ്തകങ്ങൾ എന്നിവ അതാത് ക്ലാസ്സുകൾക്ക് അനുയോജ്യമായി തിട്ടപ്പെടുത്തുന്നു. | | | |



# മോണിട്ടറിംഗ്

വികസനപദ്ധതി സമഗ്രമായി  പരിശോധിക്കുകയും പ്രവർത്തനങ്ങളുടെ ക്രമം മുൻഗണന അനുസരിച്ച് നിർണയിക്കുകയും വേണം. തുടർന്ന് വാർഷിക കലണ്ടർ തയ്യാറാക്കണം. ഒരു വർഷം നടക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ നിശ്ചയിക്കണം. വാർഷിക പദ്ധതിയിലെ ഓരോ മാസവും വരുന്ന പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി പ്രതിമാസ പദ്ധതി രൂപീകരിക്കണം. വിദ്യാലയ വികസന സമിതി പ്രതിമാസം  ചേർന്ന് അതതു മാസത്തിൽ അതുവരെ നടന്ന പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണം. ഓരോ ഘട്ടത്തിലും പ്രവർത്തനങ്ങൾ നടപ്പാക്കുമ്പോൾ വരുന്ന മികവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മുന്നോട്ടുപോകാനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കണം. SRG, PTA ,OSA , SMC എന്നീ സമിതികൾ വിദ്യാലയ വികസന പദ്ധതിക്ക് പ്രഥമ പരിഗണന നൽകണം.

വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന എല്ലാ സമിതികളുടെയും പ്രഥമ അജണ്ട വിദ്യാലയ വികസന പദ്ധതി പ്രവർത്തനങ്ങളുടെ ആസൂത്രണവും പ്രാവർത്തികമാക്കലും അവലോകനവും ആയിരിക്കണം.

# ഉപസംഹാരം

വിദ്യാലയത്തിന്റെ വികസനപാതയിൽ അടുത്ത അഞ്ചു വർഷം ഓരോരുത്തരും എന്ത് എങ്ങനെ എപ്പോൾ പ്രവർത്തിക്കണം എന്ന രൂപരേഖയാണ് ഈ പ്ലാൻ. ഇതിൽ നിന്നും ഓരോ വർഷത്തേക്കുമുള്ള പദ്ധതികൾ നിശ്ചിത ചുമതലാ സംഘങ്ങൾക്ക് നൽകി സൂക്ഷ്മ തലത്തിൽ പ്രാവർത്തികമാക്കണം. ഓരോ വർഷവും ആവശ്യമായ കൂട്ടിച്ചേർക്കലുകളും പുതിയ പദ്ധതികൾ ആവിഷ്കരിച്ച നടപ്പാക്കുകയും വേണ്ടിവരും. പ്രാദേശികവും കാലികവുമായ മാറ്റങ്ങൾക്ക് അനുസരിച്ച് അനിവാര്യമായ മാറ്റങ്ങൾക്ക് ഈ പദ്ധതി വഴങ്ങുന്നതാകണം. കൃത്യമായ ആസൂത്രണവും വിലയിരുത്തലും ഉറപ്പാക്കണം. ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പുവുത്തണം. ഫണ്ട് ലഭ്യത ഏതു സ്രോതസ്സിൽ നിന്നായാലും വികസന പദ്ധതിയിലെ പ്രവർത്തനങ്ങൾ ആണ് നടപ്പിലാക്കേണ്ടത്.

ജനകീയ പങ്കാളിത്തത്തോടെ ഓരോ പദ്ധതിയും നടപ്പിലാക്കുന്നതിന് ആവശ്യമായ വിഭവവും വൈഭവവും കണ്ടെത്തണം. നടപ്പാക്കുന്ന കാലയളവിൽ വിദ്യാലയം മികവിൻറെ കേന്ദ്രമായി മാറുന്ന പദ്ധതികളാണ് നാം നടപ്പാക്കുന്നത്.

# അനുബന്ധം




**അദ്ധ്യാപകരാക്ഷാകർതൃ സമിതി**

- നിഷ ജോണി – പ്രസിഡന്റ്
- രജനി ഷിനോയ്–വൈസ് പ്രസിഡന്റ്
- ലത
- സന്ധ്യ
- ജയദീപൻ
- ഷൈജി
- ഷെജിന
- ഷിജി
- സന്തോഷ് കുമാർ
- ഉഷ

**മാതൃസമിതി**

- സഫേര – പ്രസിഡന്റ്
- ഉദയ ബാബു – വൈസ് പ്രസിഡന്റ്
- വിദ്യ
- ജിസ
- ഷാക്കിറ
- ബെൻസി
- സുന്ദരി

**പൂർവവിദ്യാർഥി സമിതി**

- മോഹൻദാസ് മുളയ്ക്കൽ –പ്രസിഡന്റ്
- ജിനി ബാബു–വൈസ് പ്രസിഡണ്ട്
- അഡ്വ.സുൽഫക്കീർ അലി–സെക്രട്ടറി
- മിനി ഗോപൻ–ജോ.സെക്രട്ടറി
- ഷാജി–ട്രഷറർ
- സുരേഷ് അക്കരക്കാരൻ
- സന്ദീപ് കെ ആർ
- മർജഹാൻ
- ദേവൻ തറയിൽ
- സന്ദീപ് മാങ്ങാട്ടുശേരി
- സുമി കല്ലേപ്പുള്ളി
- നിമ
- സിനീഫ്
- ഉണ്ണികൃഷ്ണൻ കുന്നത്തുപറമ്പിൽ
- കൃഷ്ണ പി കെ

2022-23

# സമഗ്ര
# വിദ്യാലയ
# വികസന
# പദ്ധതി



# പാശ്ചാത് കോവിഡ് പഠനം : സ്കൂളിന്റെ വിഷൻ

- പുതിയ സാഹചര്യത്തിൽ മാറിയ പഠനലക്ഷ്യങ്ങൾ, രീതിശാസ്ത്രം പഠനപ്രവർത്തനങ്ങൾ സങ്കേതങ്ങൾ എന്നിവയെ പറ്റി അധ്യാപകർ ധാരണ/നൈപുണികൾ നേടുക.
- മേൽ പ്രസ്താവിച്ച കാര്യം രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തുക..
- നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്താൻ അദ്ധ്യാപകരിൽ മനോഭാവം വളർത്തുക
- സാങ്കേതികവിദ്യയെ പഠനത്തിനുള്ള ഒരു മാധ്യമം ആയി ഉപയോഗിക്കുന്നതിൽ നൈപുണി നേടുക ( tech as a platform)
- സാങ്കേതികവിദ്യ പഠനോപകരണം ആയി ഉപയോഗിക്കുന്നതിൽ നൈപുണി നേടുക ( tech as a learning material)
- രക്ഷാകർതൃ വിദ്യാർത്ഥി പങ്കാളിത്തം ഉറപ്പാക്കി, പഠന പരിപാടികളിൽ നിന്ന് ആരും വിട്ടുപോകുന്നില്ല എന്ന് ഉറപ്പുവരുത്തുക.



# സർഗ്ഗവിദ്യാലയം :കാഴ്ചപ്പാട്

1. "That Is Knowledge which Liberates" എന്ന കാഴ്ചപ്പാടോടെ ഗ്രാമീണാന്തരീക്ഷത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുക.
2. മതനിരപേക്ഷത,ജനാധിപത്യ മൂല്യങ്ങൾ മുതലായവയുടെ സംരക്ഷകരാകുന്ന ജനതയെ വാർത്തെടുക്കുക.
3. ശിശുകേന്ദ്രീകൃതവും പ്രവർത്തനാധിഷ്ഠിതവുമായ ബോധനസംസ്കാരം വളർത്തിയെടുക്കുക. ഇതിനുതകുന്ന തരത്തിൽ വിദ്യാലയ അന്തരീക്ഷം ഭൌതികമായും അക്കാദമികമായും മികവുറ്റതാക്കുക.
4. വിദ്യാർഥികളിലും വിദ്യാലയ പ്രവർത്തകരിലും സ്വയം പര്യാപ്തത വളർത്താൻ ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കുക വഴി സമൂഹവും വിദ്യാലയവും പരസ്പരം പ്രയോജനപ്പെടുന്ന തലത്തിലേക്ക് ഉയരുക.
5. "അധ്യാപകനും പഠിതാവ്" എന്ന കാഴ്ചപ്പാടോടു കൂടി മികവുറ്റ അധ്യാപനം നടത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക



# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ രചിക്കപ്പെട്ട പുസ്തകങ്ങൾ പ്രസിദ്ധീകരണങ്ങൾ വായിച്ചു ആസ്വദിക്കുന്നതിനുള്ള ശേഷി നേടുക | • വായനാമൂല ക്ലാസ് മുറിയിൽ തയ്യാറാക്കുക<br>• വായന കാർഡ്<br>• ബ്ലെൻഡർ ലേണിങ് പ്രയോജനപ്പെടുത്തി ഈ ക്യൂബ് പ്രവർത്തനങ്ങൾ ചെയ്യുക<br>• ചുമർ മാസിക<br>• പത്രവായന | | |
| ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുക | • സർഗ്ഗവേള യുമായി ബന്ധപ്പെട്ട ഇംഗ്ലീഷ് ഭാഷാ സർഗ രചനകൾ നടത്തുവാൻ അവസരം നൽകുന്നു<br>• ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ഇംഗ്ലീഷ് ഭാഷയിൽ സർഗ രചനകൾ നടത്തുന്നു | | |
| സ്വത:സിദ്ധമായ രീതിയിൽ ഇംഗ്ലീഷ് ഭാഷയിൽ വാചിക ആശയവിനിമയം ചെയ്യുന്നതിനു ശേഷി നേടുക | • സംഭാഷണ പരിശീലനം<br>• എ ഡേ  ഫോർ ഇംഗ്ലീഷ്<br>• ഇംഗ്ലീഷ് സ്പീക്കിംഗ് ചലഞ്ച്<br>• റിവാർഡ് ചാർട്ട് | | |

# MATHEMATICS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളിലും ചതുഷ്ക്രിയ ഉറപ്പിക്കുന്നു | • പ്രീ ടെസ്റ്റ് അവസ്ഥാപഠനം<br>• ലളിതം ഗണിതം<br>• ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച ഗണിത പഠനത്തിന് താൽപ്പര്യം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു<br>• ഗണിതത്തിലെ കളി വൽക്കരണം | | |
| ഗണിത പഠനത്തിന് വേണ്ടി ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് ധാരണ നേടുക (അധ്യാപിക പഠിതാവ് ) | • ഒരു പാഠഭാഗങ്ങളിലെയും പഠന നേട്ടങ്ങൾ പട്ടികപ്പെടുത്തി ഐസിടി സാധ്യതകൾ എന്ന് മുൻകൂട്ടി നിർണയിക്കുക<br>• വിദഗ്ധ പരിശീലനം | | |
| മാത്തമാറ്റിക്സ് ഫോർ റിക്രിയേഷൻ എന്ന കാഴ്ചപ്പാട് മുൻനിർത്തി കുട്ടികൾക്കും അധ്യാപകർക്കും ഉപയോഗിക്കാവുന്ന ഐസിടി വിഭവങ്ങൾ ശേഖരിക്കുന്നു | • ഓരോ വിദ്യാർഥിക്കും സ്വതന്ത്രമായി പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും നിർമ്മിച്ച പഠനോപകരണങ്ങൾ ഉപയോഗിച്ച് ഗണിതാശയങ്ങൾ ഗ്രഹിക്കുന്നതിനും സാധിക്കുക | | |
| പഠനനേട്ടങ്ങൾ വിനിമയം ചെയ്യാൻ പര്യാപ്തമായ , കുട്ടികൾക്ക് ഏറ്റെടുക്കാൻ | • “ഗണിതം ഡി ഐ വൈ (ഡു ഇറ്റ് യുവർസെൽഫ്)” | | |

| | | | |
|---|---|---|---|
| കഴിയുന്ന പഠനോപകരണങ്ങൾ പട്ടികപ്പെടുത്തുന്നു പരിസ്ഥിതി സൗഹൃദ സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് ലളിതമായ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു | മാതൃകകകൾ എന്നിവ പ്രദർശിപ്പിക്കുന്നതിന്<br>• ഗണിത മേള സംഘടിപ്പിക്കുന്നു | | |

# സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ദിനാചരണങ്ങൾ | • ദിനാചരണങ്ങളും ആയി ബന്ധപ്പെട്ട പ്രവർത്തനം. ഓണം പരിസ്ഥിതി ദിനം സംസ്കൃതത്തിൽ വ്യക്തികളെ പരിചയപ്പെടുത്തുക പോസ്റ്റർ നിർമ്മാണം തുടങ്ങിയവ | അധ്യയന വർഷം മുഴുവൻ | |
| സംസ്കൃതദിനം | സംസ്കൃത ദിനവുമായി ബന്ധപ്പെട്ട കലാ പ്രവർത്തനങ്ങൾ നടത്തുക പദ്യപാരായണം പ്രശ്നോത്തരി സിദ്ധരൂപം ഉച്ചാരണം ഭാഷാനൈപുണ്യം വർദ്ധിപ്പിക്കൽ | ശ്രാവണ പൂർണ്ണിമ ദിനം | |
| അമൃതം | അമൃതം എന്ന പ്രവർത്തനത്തിലൂടെ അക്ഷരങ്ങൾ പഠിപ്പിക്കുക പദങ്ങൾ സുഭാഷിതങ്ങൾ എന്നിവ കുട്ടികൾക്ക് എത്തിക്കൽ എല്ലാദിവസവും | | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന | <ul><li>ഹിന്ദി അക്ഷരങ്ങൾ തിരിച്ചറിയാൻ കുട്ടികളെ പ്രാപ്തരാക്കുന്ന അതിനുവേണ്ടി വിവിധയിനം വായനാ കാർഡുകൾ തയ്യാറാക്കും</li><li>സ്ഥിരമായി വായിക്കുന്നതിനായി മാസങ്ങൾ ദിവസങ്ങൾ കവിതകൾ ബാലകഥകൾ എന്നിവ ക്ലാസിൽ പ്രദർശിപ്പിക്കും</li><li>ഹിന്ദി കഥാപുസ്തകങ്ങൾ കവിതകൾ സ്കൂൾ ഗ്രന്ഥശാലയിൽ ലഭ്യമാകും</li></ul> | അധ്യയന വർഷം മുഴുവൻ | ഹിന്ദി അധ്യാപിക |
| എഴുത്ത് | <ul><li>കോപ്പി ബുക്ക് ഇൻ വർണ്ണമാല എഴുതുന്നതിനും ബാലഗീതങ്ങൾ കവിതകൾ എന്നിവ ശേഖരിക്കുന്നതിനും ഉപയോഗിക്കും</li><li>ഹിന്ദി ഭാഷയിൽ പഠന വിടവ് കണ്ടെത്തിയ കുട്ടികൾക്കായി പ്രത്യേകം ക്ലാസുകൾ കൊടുക്കും</li></ul> | | |

| | | | |
|---|---|---|---|
| ഹിന്ദി അസംബ്ലി | • പുതിയ പദങ്ങൾ കണ്ടെത്തി ശബ്ദകോശം തയ്യാറാക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ<br>• പ്രാർത്ഥന പ്രതിജ്ഞ വായന വാർത്താ പാരായണം തുടങ്ങിയവയെല്ലാം ഹിന്ദി മാധ്യമത്തിൽ ആയിരിക്കും | എല്ലാ വ്യാഴാഴ്ചയും | |
| ദിനാചരണം | • പ്രാധാന്യമുള്ള ദിനങ്ങളിൽ ഹിന്ദി ഭാഷയിൽ പോസ്റ്ററുകൾ തയ്യാറാക്കി പ്രദർശിപ്പിക്കും<br>• കുട്ടികൾക്കുള്ള പ്രവർത്തനങ്ങളിൽ ഹിന്ദി ഭാഷയുടെ സാന്നിധ്യം ഉറപ്പുവരുത്തുക | | |
| ഹിന്ദി ഫെസ്റ്റിവൽ | • വിവിധ മത്സരങ്ങൾ നടത്തും<br>• ഹിന്ദി സാഹിത്യകാരന്മാരെ കുറിച്ചും അവരുടെ കൃതികൾ പരിചയപ്പെടുത്തുകയും പ്രസംഗം കഥകൾ കവിതകൾ എന്നിവ അവതരിപ്പിക്കുന്നതിനും അവസരം | സെപ്റ്റംബർ രണ്ടാം വാരം മുതൽ | |

| | | | |
|---|---|---|---|
| ഹിന്ദി ക്ലബ് | • ഹിന്ദി ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടുന്നതിനുള്ള പ്രവർത്തനങ്ങൾ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കും<br>• ഐസിടി സഹായത്തോടെ ഹിന്ദി സാഹിത്യരചനകൾ സിനിമകൾ തുടങ്ങിയവ പ്രദർശിപ്പിക്കും | | |
| വിവരസാങ്കേതികവിദ്യ | • ഹിന്ദി പഠനത്തിനു സഹായകമാകുന്ന ദൃശ്യശ്രാവ്യ സാമഗ്രികൾ ക്ലാസുകളിലും ക്ലാസ് പ്രവർത്തനങ്ങളിലും പ്രദർശിപ്പിക്കും | | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| • പഠന വിടവ് പരിഹരിക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ<br>• സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ രസകരവും പ്രവർത്തനാധിഷ്ഠിതം ആക്കും | • പ്രവർത്തന മാതൃകകൾ ഒരുക്കൽ<br>• ദിനാചരണങ്ങൾ<br>• ഫീൽഡ് ട്രിപ്പ്<br>• സാമൂഹ്യ ശാസ്ത്ര ലാബ് | | |
| സാമൂഹ്യശാസ്ത്ര പഠനത്തെ വിദ്യാഭ്യാസ സാങ്കേതികവിദ്യയുമായി യോജിപ്പിക്കൽ | • കെ ജിയോഗ്രഫി<br>• സ്റ്റെല്ലേറിയം<br>• മുതലായ പഠന സോഫ്റ്റ്‌വെയറുകൾ പരിചയപ്പെടുന്നതിനു അവസരമൊരുക്കുന്നു | | |
| വിദ്യാലയം പരിസരം താമസിക്കുന്ന പ്രദേശം മുതലായവ ഭൂപടത്തിൽ ചിത്രീകരിക്കുവാനുള്ള ശേഷി നേടുന്നു | • ഭൂപടങ്ങളെ പരിചയപ്പെടുന്നു | | |
| കുട്ടികളിൽ ഭരണഘടനാ മൂല്യങ്ങൾ വളർത്തുന്നു<br>ജനാധിപത്യം<br>മതനിരപേക്ഷ<br>സാഹോദര്യം<br>അഭിപ്രായ പ്രകടന സ്വാതന്ത്ര്യം<br>സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതി | • സ്കൂൾ പാർലമെൻറ് തെരഞ്ഞെടുപ്പ്<br>• പ്രകടനപത്രിക<br>• ഡിജിറ്റൽ രൂപത്തിൽ ഉള്ള പ്രചാരണം<br>• നാമനിർദ്ദേശം സമർപ്പിക്കൽ<br>• പിൻവലിക്കൽ<br>• ബാലറ്റ് വെച്ചുള്ള വോട്ടെടുപ്പ് | | |

| | | | |
|---|---|---|---|
| | • പാർലമെൻറ് യോഗങ്ങൾ ചേരൽ | | |
| അറിവിൻറെ വൈവിധ്യവൽക്കരണവും വിപുലപ്പെടുത്തലും | • സെമിനാറുകൾ<br>• ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിക്കുന്നതിനായി ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനി സ്വീകരിച്ച വിവിധ തന്ത്രങ്ങൾ<br><br>• പ്രളയം മനുഷ്യ ജീവിതത്തെ ബാധിച്ച് വിവിധ മേഖലകൾ<br><br>• അധിക വായന ക്ലാസ് ലൈബ്രറി<br>• പുസ്തകങ്ങൾ അറ്റ്ലസ് സുകൾ<br>• ആനുകാലികങ്ങൾ<br>• ബുള്ളറ്റിൻ ബോർഡ്<br>• സാങ്കേതിക വിദ്യയുടെ ഉപയോഗം | | |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | • പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര പ്രതിഭകളെ കണ്ടെത്തുന്നു | • സ്കൂൾതല ശാസ്ത്ര മേളയിൽ എല്ലാ കുട്ടികൾക്കും പങ്കാളിത്തം നൽകുക<br>• മാസത്തിലൊരിക്കൽ പരീക്ഷണ കളരി<br>• പ്രാദേശികമായി ലഭിക്കുന്ന സാധനങ്ങൾ പരീക്ഷണശാല യുടെ ഭാഗമാകുന്നു | | |
| പഠനയാത്രകൾ /ഫീൽഡ് ട്രിപ്പുകൾ ആവാസവ്യവസ്ഥകൾ കൃഷിയിടങ്ങൾ ജൈവവൈവിധ്യ ഉദ്യാനങ്ങൾ സന്ദർശിക്കുന്നു | • | | |
| ശാസ്ത്ര പരീക്ഷണശാല കാലോചിതമായി പരിഷ്കരിക്കുക | • സൗകര്യമുള്ള ഷെൽഫ് ഉപകരണങ്ങൾ എന്നിവ ഒരുക്കുന്നു | | |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുന്നു | • സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | | |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുന്നു | • ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന ലഘുപരീക്ഷണങ്ങൾ | | |

| | | | |
|---|---|---|---|
| | അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കും<br>• ഇവയുടെ പ്രവർത്തനക്രമം ചിത്രസഹിതം പ്രത്യേകം പുസ്തകത്തിൽ രേഖപ്പെടുത്തണം<br>• | | |
| ഫാസ്റ്റ് ഫുഡ് - ഗുണ ദോഷങ്ങളെ കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തൽ | • കടകളിൽ നിന്നു വാങ്ങുന്നതും വീട്ടിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ്ഫുഡുകൾ പട്ടികപ്പെടുത്തുന്നു .ഓരോന്നിലും ചേർത്തിരിക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കൽ | | |
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുന്നു | • സൗരോർജ്ജ പാനൽ | 3 വർഷം | |
| മാലിന്യത്തെ ഊർജമാക്കി മാറ്റാൻ | • വിദ്യാലയത്തിൽ ഉണ്ടാക്കുന്ന ചെയ്യുക മാലിന്യം ബയോഗ്യാസ് പ്ലാൻറ് നിക്ഷേപിച്ച പാചകത്തിന് ആവശ്യമായ ഊർജ്ജം കണ്ടെത്തുക | | |
| വിദ്യാർത്ഥികൾക്കും രക്ഷാകർത്താക്കൾക്കും സമൂഹത്തിനും പ്രയോജനപ്പെടുന്ന രീതിയിൽ രോഗനിർണയ ക്യാമ്പ് | • ആരോഗ്യ വിവരങ്ങളുടെ സർവ്വേ പ്രാഥമിക ആരോഗ്യ കേന്ദ്രം വിഭവങ്ങൾ സ്വീകരിക്കൽ നോട്ടീസ് വിതരണം | | |